**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **23-08-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മധു വധകേസിൽ സാക്ഷികൾക്ക് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | അട്ടപ്പാടി മധു വധക്കേസ്സിൽ സാക്ഷികൾക്ക് ആവശ്യമായ സംരക്ഷണം ഒരുക്കാൻ തയ്യാറാകുമോ; | (എ) | അട്ടപ്പാടിയിലെ മധുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്സിലെ സാക്ഷികൾക്ക് Witness Protection നിയമപ്രകാരമുള്ള എല്ലാവിധ സംരക്ഷണങ്ങളും നൽകുവാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡി.വൈ.എസ്.പി അഗളിയുടെ നേതൃത്വത്തിൽ അഗളി ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ ഒരു 'Witness Protection Cell' രൂപീകരിക്കുകയും സാക്ഷികൾക്ക് സംരക്ഷണം നൽകിവരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത കേസിൽ കൂറുമാറിയതും മജിസ്ട്രേറ്റിന്റെ മുൻപിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയതുമായ സാക്ഷികളെ സി.ആർ.പി.സി. സെക്ഷൻ 311 പ്രകാരം വീണ്ടും വിചാരണ ചെയ്യാൻ കോടതിയിൽ അപേക്ഷ നൽകുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കേസ്സിലെ വിചാരണ പൂർത്തിയാകുന്ന മുറക്ക് കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി അപേക്ഷ നൽകുന്നതാണ്. |
| (സി) | അട്ടപ്പാടിയിൽ കൊലചെയ്യപ്പെട്ട മധുവിന്റെ കുടുംബത്തിന് നീതി ലഭ്യമാക്കാനും കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നേടിക്കൊടുക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത കേസ്സിൽ സർക്കാർ യഥാസമയം സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിച്ചും പ്രോസിക്യൂഷൻ നടപടികൾക്ക് സഹായത്തിനായി ഡ്യൂട്ടിക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മധുവിന്റെ കുടുംബത്തിന് നീതി ലഭ്യമാക്കുവാൻ പ്രോസിക്യൂഷൻ വിഭാഗത്തിന് ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു.<br><br>വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെ തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡി.വൈ.എസ്.പി പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹു. കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ |

| | | | |
|---|---|---|---|
| | | | സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി ബഹു. കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹു. കോടതി 20/08/2022 ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 193 വകുപ്പ് പ്രകാരം ബഹു. കോടതിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹു. പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേതുടർന്ന് ബഹു. കോടതി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകിവരുന്നുണ്ട്.<br><br>പ്രോസിക്യൂഷനെതിരെ മൊഴിനൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം, കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് മണ്ണാർക്കാട്, പട്ടിക ജാതി- പട്ടിക വർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതുമാണ്. ഈ കേസിലെ പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ